"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ വകുപ്പ് - ഐക്കോൺസ് - ജീവനക്കാര്യം - ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനു കീഴിൽ കൺസൾട്ടന്റ് ന്യൂറോളജിസ്റ്റ് ആയ ഡോ.മുരുഗൻ സി. നായർ-ന്റെ ഐക്കോൺസിലെ അന്യത്രസേവന കാലാവധി - നീട്ടി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1548/2024/H&FWD തീയതി,തിരുവനന്തപുരം, 26-06-2024

---

പരാമർശം:-

1. സ.ഉ.(സാധാ) നം.939/2022/ആ.കു.വ. തീയതി 28.04.2022
2. സ.ഉ.(സാധാ) നം.1204/2023/ആ.കു.വ. തീയതി 20.05.2023
3. സ.ഉ.(സാധാ) നം.3177/2023/ആ.കു.വ. തീയതി 01.12.2023
4. സ.ഉ.(സാധാ) നം.540/2024/ആ.കു.വ. തീയതി 23.02.2024
5. ഐക്കോൺസ് ഡയറക്ടറുടെ 14.03.2024, 06.06.2024 എന്നീ തീയതികളിലെ 554/Estt/2021/ICCONS-Tvpm എന്ന നമ്പർ കത്ത്
6. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 18.03.2024 തീയതിയിലെ ഇ.ബി.1-6611/2024/ആ.വ.ഡ. എന്ന നമ്പർ നിരാക്ഷേപ പത്രം
7. സ.ഉ.(അച്ചടി) നം.27/2024/ധന തീയതി 09.04.2024

**ഉത്തരവ്**

തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കൺസൾട്ടന്റ് ന്യൂറോളജിസ്റ്റ് ആയി ജോലി ചെയ്തു വന്നിരുന്ന ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനു കീഴിലെ ജീവനക്കാരനായ ഡോ.മുരുഗൻ സി. നായർ -നെ മേൽ പരാമർശം 1-ലെ ഉത്തരവ് പ്രകാരം ഐക്കോൺസിലെ ന്യൂറോളജിസ്റ്റായി അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചു ഉത്തരവായിരുന്നു. മേൽ പരാമർശം 2-ലെ ഉത്തരവ് പ്രകാരം, ടിയാന്റെ അന്യത്രസേവ കാലാവധി 05.05.2023 മുതൽ ഒരു വർഷത്തേയ്ക്ക് നീട്ടി നൽകുകയും ചെയ്തിരുന്നു. ഐക്കോൺസ് ഡയറക്ടർ അവധിയിലായിരുന്ന 21.11.2023 മുതൽ 20.02.2024 വരെയുള്ള കാലയളവിൽ ഡോ.മുരുഗൻ സി. നായർ -ന് മേൽ പരാമർശം 3-ലെ ഉത്തരവ് പ്രകാരം ഐക്കോൺസ് ഡയറക്ടറുടെ താല്ക്കാലിക ചുമതല നൽകിയിരുന്നു. ഐക്കോൺസ് ഡയറക്ടർ ആയിരുന്ന ഡോ.സഞ്ജീവ് വി. തോമസ് 04.02.2024-ൽ മരണപ്പെട്ടതിനെ തുടർന്ന് മേൽ പരാമർശം 4-ലെ ഉത്തരവ് പ്രകാരം 21.02.2024 മുതൽ ഐക്കോൺസ് ഡയറക്ടറുടെ ചുമതല വീണ്ടും ഡോ.മുരുഗൻ സി. നായർ-ക്ക് നൽകികൊണ്ട് ഉത്തരവായിരുന്നു.

2. 04.05.2024-ന് തന്റെ അന്യത്രസേവനകാലാവധി അവസാനിക്കുകയാണെന്ന് ഡോ.മുരുഗൻ സി. നായർ മേൽ പരാമർശം 5-ലെ കത്തുകൾ പ്രകാരം സൂചിപ്പിച്ചിരുന്നു. ആയതിനാൽ ഐക്കോൺസിലെ തന്റെ അന്യത്രസേവനകാലാവധി 05.05.2024 മുതൽ ഒരു വർഷത്തേയ്ക്കു കൂടെ നീട്ടി നൽകണമെന്ന് ടിയാൻ

അഭ്യർത്ഥിക്കുകയുണ്ടായി. ആരോഗ്യ വകുപ്പിലെ ന്യൂറോളജി വിഭാഗം കൺസൾട്ടന്റ് ആയ ഡോ.മുരുഗൻ സി. നായർ-ടെ ഐക്കോൺസിലെ സേവനകാലാവധി 05.05.2024 മുതൽ ഒരു വർഷത്തേയ്ക്കു കൂടെ നീട്ടി നൽകുന്നതിന് ആരോഗ്യ വകുപ്പിന് തടസ്സവാദങ്ങൾ ഒന്നും തന്നെയില്ല എന്നറിയിച്ചു കൊണ്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ നിരാക്ഷേപസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുമുണ്ട്.

3. ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാതൃകാപെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാൽ, മേൽ പരാമർശം 7-ലെ ഉത്തരവ് പ്രകാരം മാതൃകാപെരുമാറ്റച്ചട്ടക്കാലയളവിൽ അന്യത്രസേവനം അവസാനിക്കുന്ന കേസുകളിൽ 30.06.2024 വരെ അന്യത്രസേവനകാലാവധി നീട്ടുന്നതായി കണക്കാക്കപ്പെടുമെന്നു ധനകാര്യ വകുപ്പ് പൊതുഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇപ്പോൾ മാതൃകാപെരുമാറ്റച്ചട്ടം അവസാനിച്ച സാഹചര്യത്തിൽ തന്റെ അന്യത്രസേവനകാലാവധി 05.05.2024 മുതൽ ഒരു വർഷത്തേയ്ക്കു കൂടി നീട്ടി നൽകണമെന്ന് ഡോ.മുരുഗൻ സി. നായർ അഭ്യർത്ഥിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പിലെ ന്യൂറോളജി വിഭാഗം കൺസൾട്ടന്റ് ആയ ഡോ.മുരുഗൻ സി. നായർ-ടെ ഐക്കോൺസിലെ സേവനകാലാവധി നിലവിലുള്ള അന്യത്രസേവന ചട്ടങ്ങൾക്ക് വിധേയമായി 05.05.2024 മുതൽ ഒരു വർഷത്തേയ്ക്കു കൂടി നീട്ടി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ (ഇൻ ചാർജ്ജ്), ഐക്കോൺസ്, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഡോ.മുരുഗൻ സി. നായർ, ഐക്കോൺസ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് : ആരോഗ്യ വകുപ്പ് മന്ത്രിയുടെ പി.എസ്.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.

ഉത്തരവിൻ പ്രകാരം

Signed by
P. K. Santhosh
Date: 26-06-2024 18:04:42
സെക്ഷൻ ഓഫീസർ